## സ്വാശ്രയ ഗ്രൂപ്പ് രൂപവത്കരണം

**കോതമംഗലം:** കുത്തുകുഴി സഹകരണ ബാങ്കിന്റെ പുതിയ സ്വാശ്രയ ഗ്രൂപ്പ് രൂപവത്കരണം 16ന് നടക്കും. ബാങ്ക് ഓഡിറ്റോറിയത്തിൽ വൈകിട്ട് 3ന് മുൻ ജില്ലാ ബാങ്ക് പ്രസി. പി.പി. [illegible] ഉദ്ഘാടനം ചെയ്യും.




വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ വിദ്യാർത്ഥികൾ നടത്തുന്ന ജൈവപച്ചക്കറി ബോധവത്കരണ പരിപാടി

# ജൈവകൃഷി ബോധവത്കരണവുമായി വിശ്വജ്യോതിയിലെ വിദ്യാർത്ഥികൾ

**മൂവാറ്റുപുഴ:** വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിലെ മൂന്നാം വർഷ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് വിദ്യാർത്ഥികൾ ആവോലി പഞ്ചായത്തിൽ നടത്തുന്ന ബോധവത്കരണ പരിപാടി കാംപസ് തുടക്കമായി.

ആവോലി പഞ്ചായത്ത് പ്രസിഡന്റ് ജോർഡി വർഗീസ്, വാർഡ് മെമ്പർ ഷോളി വർഗീസ്, ഇലക്ട്രിക്കൽ വിഭാഗം മേധാവി പ്രൊഫ. ആന്റണി എന്നിവർ ചേർന്ന് നിലവത്തിൽ [illegible] ഹാളിന്റെ പുരയിടത്തിൽ വിവിധയിനം പച്ചക്കറി വിത്തുകൾ പാകി ഉദ്ഘാടനം നിർവഹിച്ചു.


വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ അദ്ധ്യാപകരായ അനു ജയിംസ്, നിന സ്കറിയ എന്നിവരുടെ നേതൃത്വത്തിൽ എൺപതോളം വിദ്യാർത്ഥികളുടെ സംഘമാണ് ഈ ബോധവത്കരണ പരിപാടി നടപ്പിലാക്കുന്നത്.

## ◆ ഇന്നത്തെ പരിപാടി ◆

## സ്കൂൾ വാർഷികം

**പോത്താനിക്കാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്ത**
**H.O പോത്താനിക്കാട്, പിൻ-686671, ഫോൺ 0485 256202**
**പൊതുയോഗ നോട്ടീസ്**

# ജൈവകൃഷി ബോധവൽക്കരണവുമായി വിശ്വജ്യോതിയിലെ വിദ്യാർഥികൾ




■ വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിങ് കോളജിലെ വിദ്യാർഥികൾ സംഘടിപ്പിച്ച ജൈവകൃഷി ബോധവൽക്കരണ പരിപാടിയിൽ നിന്ന്.

വാഴക്കുളം: ജൈവകൃഷിയുടെ പ്രാധാന്യത്തെപ്പറ്റി അറിവു നൽകുന്നതിനും വീടുകളിൽ അടുക്കളത്തോട്ടം ക്രമീകരിക്കുന്നതിനും വേണ്ടി വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിങ് കോളജിലെ രണ്ടാം വർഷ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വിദ്യാർഥികൾ ആവോലി പഞ്ചായത്തിൽ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കം കുറിച്ചു.

ആവോലി പഞ്ചായത്ത് പ്രസിഡന്റ് ജോർജി വർഗീസ്, വാർഡ് മെമ്പർ മോളി വർഗീസ്, ഇലക്ട്രിക്കൽ വിഭാഗം മേധാവി പോൾ ആന്റണി എന്നിവർ ചേർന്ന് നിരവത്തിൽ മാത്യു പോളിന്റെ പുരയിടത്തിൽ വിവിധയിനം പച്ചക്കറി വിത്തുകൾ പാകിക്കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. വിശ്വജ്യോതി എഞ്ചിനീയറിങ് കോളജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ അധ്യാപകരായ തനു ജയിംസ്, നീന സ്കറിയ എന്നിവരുടെ നേതൃത്വത്തിൽ എൺപതോളം വിദ്യാർഥികളുടെ സംഘമാണ് ഈ ബോധവൽക്കരണ പരിപാടി നടപ്പിലാക്കുന്നത്.

മൂന്നു ദിവസങ്ങളിലായി നടത്തുന്ന ബോധവൽക്കരണ പരിപാടിയിൽ നൂറിനു മുകളിൽ വീടുകളിൽ സന്ദർശനം നടത്തി. ജൈവകൃഷി പരിപോഷിപ്പിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമുള്ള തീവ്രശ്രമത്തിലാണ് വിശ്വജ്യോതിയിലെ വിദ്യാർഥികൾ.

## മൂവാറ്റുപുഴയിൽ അഭിഭാഷക

മൂവാറ്റുപുഴ: നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി കിടക്കുന്ന അഭിഭാഷക ഓഫീസുകൾ ഒരുമിപ്പിക്കുന്നതിനായി അഭിഭാഷക കെട്ടിട സമുച്ചയം പണിയാൻ തീരുമാനം. പുതുതായി രൂപം കൊണ്ട അഡ്വക്കേറ്റ് വെൽഫെയർ ആൻഡ് റിസേർച്ച് ഡയസ് (അവാർഡ്) എന്ന പേരിലുള്ള അഭിഭാഷക കൂട്ടായ്മയാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. സ്വന്തമായ ഇരിപ്പിടവും തുടർവിദ്യാഭ്യാസവും എന്ന ലക്ഷ്യത്തോടെയാണ് സംഘടന രൂപീകരിച്ചിട്ടുള്ളത്. കെട്ടിട സമുച്ചയത്തിന്റെ സ്ഥലം സർക്കാരിൽ നിന്ന് പാട്ട വ്യവസ്ഥയിലോ തീറുവാങ്ങിയോ കണ്ടെത്തും. വിവിധ ഭാഗങ്ങളിലായി അഭിഭാഷക ഓഫീസുകൾ നിലകൊള്ളുന്നതിനാൽ ആധുനിക രീതിയിലുള്ള പഠനത്തിനും വിവര സാങ്കേതിക രംഗത്തും ചർച്ചകൾക്കും ഇപ്പോൾ തടസം നേരിടുകയാണ്. കൂടാതെ അഭിഭാഷകർക്കായി ജുഡീഷ്യൽ പരീക്ഷകൾക്കുള്ള ലൈബ്രറി സൗകര്യമട ക്കം ഒരുക്കാൻ ആലോച ണ്ട്. സംഘടനയുടെ ഡിവി ഭാരവാഹികളായി മുൻ എൻ.എ. ജോണി നെല്ലൂർ സിഡന്റ്), അഡ്വ. തോമ ധികാരം (ജോയിന്റ് സെക്ര അഡ്വ. ബിജു ചക്കാലയ് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. രൂപീകരണ യോഗത്തിൽ അഡ്വ. പീറ്റർ കെ. യാസ് അധ്യക്ഷത വഹിച്ചു. വോക്കേറ്റുമാരായ എൻ.പി. ച്ചൻ, പോൾ ജോസഫ്, ഹ രികൃഷ്ണൻ, കെ.എൻ. ച രൻ, ടോമി ജോൺ, കെ. ലി, അരുൺ ജോസഫ്, ആർ. സുനിൽകുമാർ, ബേബി, പി.എം. മാണി, നിഷാദ്, സിമിലി എബ്രഹ ണ്ടിയവർ സംസാരിച്ചു.

## ആനിക്കാട് പള്ളി തിരുനാൾ

വാഴക്കുളം: ആനിക്കാട് സെബാസ്റ്റ്യൻസ് പള്ളി വി. സെബാസ്ത്യാനോ

## മുട്ടക്കോഴി വളർത്തലിന് വായ്പ

വാഴക്കുളം: സർവീസ് സഹകരണ ബാങ്ക് 2824 ൽ ഗ്രാമസമൃദ്ധി വായ്പാ പദ്ധതി പ്രകാരം നടപ്പാക്കുന്ന മുട്ടക്കോഴി വളർത്തലിന് വായ്പ നൽകുന്നു. 5, 7 അംഗങ്ങൾ ഉൾപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്കാണ് വായ്പ ലഭിക്കുക. താൽപര്യമുള്ള അംഗങ്ങൾ 20ന് മുമ്പ് അപേക്ഷ നൽകണമെന്ന് സെക്രട്ടറി അറിയിച്ചു.

## റോഡ് ഉദ്ഘാടനം ചെയ്തു

പൈങ്ങോട്ടൂർ: ജോസഫ് വാഴ

# കുറിഞ്ഞിലിക്കാട്ട് ക്ഷേത്രത്തിലും സമീപത്തെ വീട്ടിലും മോഷണം

വാഴക്കുളം: ഇടയ്ക്കാട്ടുകയറ്റം കുറിഞ്ഞിലിക്കാട്ട് ഭഗവതി ധർമ്മ ശാസ്താക്ഷേത്രത്തിൽ മോഷണം. ക്ഷേത്രത്തിന്റെ സ്ട്രോങ്റൂം തുറക്കാത്തതിനാൽ മോഷ്ടാക്കൾ 450 രൂപയുടെ നാണയങ്ങൾ മാത്രമേ അപഹരിക്കാനായുള്ളൂ. ക്ഷേത്രം ഓഫീസിലെ മേശയ്ക്കുള്ളിൽ എണ്ണി സൂക്ഷിച്ചിരുന്ന പണമാണിത്. തൊട്ടടുത്തുള്ള ഒരു മുറി നിറയെ അഞ്ചുരൂ

ഷിപ്പുകാരൻ വീട്ടിലെത്തിയപ്പോഴാണ് കതക് തകർന്നതായി കണ്ടത്. മോഷണം സംബന്ധിച്ച് വാഴക്കുളം പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. പണവും സ്വർണവും മാത്രം മോഷ്ടിക്കുന്നതിൽ തൽപരരായ മോഷ്ടാക്കളാകാനാണ് സാധ്യതയെന്നും ഇത്തരക്കാരെ കേന്ദ്രീകരിച്ചാണ് അന്വേഷണം ആരംഭിച്ചിരിക്കുന്നതെന്നും വാഴക്കുളം എസ്.ഐ. പി. സുവർണകുമാർ പറഞ്ഞു.

കാർമൽ കോളജിലെ ബിരുദ വിദ്യാർഥിയായ പ്രിൻസ് സഞ്ചരിച്ചിരുന്ന ബൈക്കിൽ മറ്റൊരു വാഹനം തട്ടി അപകടത്തിൽപ്പെടുകയും റോഡിലേക്ക് വീണ പ്രിൻസിനുമുകളിലൂടെ എതിർ ദിശയിൽ വന്ന കാർ കയറുകയുമായിരുന്നെന്ന് പോലീസ് അറിയിച്ചു. കോതമംഗലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച പ്രിൻസിനെ പിന്നീട് രാജഗിരി ആശുപത്രിയിലേക്ക് മാറ്റി.

സോസിയേഷൻ കോതമംഗലം മണ്ഡലം കമ്മിറ്റി അഭിനന്ദിച്ചു. നിയോജകമണ്ഡലം കൺവെൻഷനിൽ പ്രസിഡന്റ് ഇ.എം. മൈതീൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ജോർജ് പി. എബ്രാഹം മുഖ്യപ്രഭാഷണം നടത്തി.

സംസ്ഥാനകമ്മിറ്റി അംഗം പ്രഫ. ചന്ദ്രശേഖരൻനായർ, പി.ജെ. ജോർജ്, കെ.കെ. ഹുസൈൻ, മുത്തുക്കുഞ്ഞ് മാസ്റ്റർ, വി.കെ. ഇബ്രാഹിം, ജോസഫ്, സി.എ. അലികുഞ്ഞ്, പി.എം. മുഹമ്മദാലി, പി.



■ കേരള വിശ്വകർമ്മസഭ ഷികവും ജനപ്രതിനിധി ഗം എൻ. അരുൺ ഉദ്ഘ

## ശാഖാ വാർഷിക ജനപ്രതിനിധിക

മൂവാറ്റുപുഴ: കേരള വി ശാഖാ വാർഷികവും ല്ലാ പഞ്ചായത്ത് അംഗ പ്രസിഡന്റ് സി.വി. അന

...ഇന്ന്

സ്കൂൾ, ചെങ്കര ...ു മംഗളം അക്ഷ ...ളിൽ ഇസാഫ് ...ിട്ടുള്ളത്. ചെങ്കര ...ളാണ് പത്രം ...ി ഇസാഫ്, വൈ

...വ യൂണിയൻ ഉ ...ക്കുടി പ്രവർത്തന ...സുകുമാരനും നിർ ...്, ആർട്സ് ക്ലബ് ...ൻ ചെയർമാൻ വി ...ാഫ് അഡ്വൈസർ ... മുരളീധരൻ തുട

# നാടിനാകെ മാതൃകയായി സാജി ടീച്ചർ

കോതമംഗലം: ഇന്നലെ രാവിലെ സ്കൂളിലേക്കുള്ള യാത്രയ്ക്കിടെ പയ്യാൽ എന്ന സ്ഥലത്തുവച്ച് സാജി ടീച്ചർക്ക് വഴിയിൽ നിന്ന് കളഞ്ഞുകിട്ടിയത് വിലപിടിച്ചൊരു ബാഗ്. 35000 രൂപയും ഏതാനും തിരിച്ചറിയൽ രേഖകളും മൊബൈൽ ഫോണുമെല്ലാം അടങ്ങുന്നൊരു ബാഗ്.

കോട്ടപ്പടി മാർ ഏലിയാസ് ഹയർ സെക്കൻഡറി സ്കൂളിലെ ഗണിതശാസ്ത്ര അധ്യാപികയായ സാജിക്ക് ബാഗിൽ നിന്നും ലഭിച്ച ആശുപത്രി കാർഡ് ഉടമയാരെന്ന് അറിയാൻ സഹായകമായി.

ഉടമ കോട്ടപ്പടി സ്വദേശിയാണെന്ന നിഗമനത്തിൽ ബാഗ് ഉടൻ കോട്ടപ്പടി പോലീസ് സ്റ്റേഷനിൽ ഏൽപ്പിച്ചു. ഇതിനിടെ ബാഗിന്റെ ഉടമയായ വെണ്ടോല പോസ്റ്റ് ഓഫീസിലെ പോസ്റ്റ് മിസ്ട്രസ് നസീമ ബീരാൻ വിവരമറിഞ്ഞ് പോലീസ് സ്റ്റേഷനിലെത്തി പോലീസ് ഉദ്യോഗസ്ഥരുടെയും സ്കൂൾ അധികൃതരുടെയും സാന്നിധ്യത്തിൽ ബാഗ് ഏറ്റുവാങ്ങി. കോട്ടപ്പടി പ്ലാമൂട്ട് പി.എം. സാജുവിന്റെ ഭാര്യയാണ് സാജി ടീച്ചർ.



■ സ്കൂൾ അധികൃതരുടെയും പോലീസിന്റെയും സാന്നിധ്യത്തിൽ സാജി ടീച്ചർ നസീമ ബീരാന് ബാഗ് കൈമാറുന്നു.

# ഹയർ സെക്കൻഡറി ബ്ലോക്ക് ഉദ്ഘാടനവും

...ത്ത് പ്രസിഡന്റ് ലീലാ ബാബു തുടങ്ങിയവർ പങ്കെടുക്കും. പൗരസ്ത്യ സുവിശേഷ സമാജം മെത്രാപ്പോലീത്ത തർക്കോസ് മാർ ക്രിസോസ്റ്റമോസ് അനുഗ്രഹപ്രഭാഷണം നടത്തും.

സമാജം ജനറൽ സെക്രട്ടറി ഫാ.വർഗീസ് പടിഞ്ഞാറേക്കര, വൈസ് പ്രസിഡന്റ് ഫാ. ഗീവർഗീസ് മുളയംകോട്ട് കോറെപ്പിസ്കോപ്പ, സ്കൂൾ മാനേജർ ഫാ. വർഗീസ് കുറ്റിപ്പുഴയിൽ, ഒ.സി. ഏലിയാസ്, ദീപു സി. ജോൺ, പി.എൻ. പീതാംബരൻ, ജിജു കെ. ജോർജ്, വി.എച്ച്.എസ്.സി. പ്രിൻസിപ്പൽ ജമുന പി. പ്രഭു, ഹെഡ്മിസ്ട്രസ് അജിതകുമാരി അന്തർജനം തുടങ്ങിയവർ സംസാരിക്കും. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും പൂർവവിദ്യാർഥികളുടെ ഗാനമേളയും ഉണ്ടായിരിക്കും.

## ജെ.സി.ഐ. കടവൂർ ചാപ്റ്റർ

പൈങ്ങോട്ടൂർ: ജെ.സി.ഐ. കടവൂർ ചാപ്റ്ററിന്റെ ഉദ്ഘാടനം ജോസഫ് വാഴയ്ക്കൻ എം.എൽ.എ. നിർവഹിച്ചു. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി. സുരേഷ് മുഖ്യപ്രഭാഷണം നടത്തി.

ചാർലി ജെയിംസ് (പ്രസിഡന്റ്), ജിമ്മി പോൾ (സെക്രട്ടറി), ജെയിംസ് പോൾ (ട്രഷറർ) എന്നിവരാണു ഭാരവാഹികൾ.



■ വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിങ് കോളജിൽ നടത്തിയ ഏകദിന സെമിനാർ കെ.എസ്.ഇ.ബി. സിസ്റ്റം ഓപ്പറേഷൻ ചീഫ് എൻജിനീയർ എൻ.എൻ. ഷാജി ഉദ്ഘാടനം ചെയ്യുന്നു.

## വാഴക്കുളം വിശ്വജ്യോതിയിൽ കെ.എസ്.ഇ.ബി. സെമിനാർ

വാഴക്കുളം: കെ.എസ്.ഇ.ബി. എൻജിനീയേഴ്സ് അസോസിയേഷനും വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിങ് കോളജ് ഐ.ഇ.ഇ.ഇ. സ്റ്റുഡന്റ് ചാപ്റ്ററും സംയുക്തമായി കേരളത്തിലെ വൈദ്യുതി ഉല്പാദന വിതരണവുമായി ബന്ധപ്പെട്ട വിഷയത്തെ ആസ്പദമാക്കി ഏകദിന സെമിനാർ സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ എഞ്ചിനീയറിങ് കോളജുകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്ത സെമിനാർ കെ.എസ്.ഇ.ബി. സിസ്റ്റം ഓപ്പറേഷൻ ചീഫ് എൻജിനീയർ എൻ.എൻ. ഷാജി ഉദ്ഘാടനം ചെയ്തു. പങ്കെടുത്ത എല്ലാ ടീമംഗങ്ങൾക്കും സർട്ടിഫിക്കറ്റും സമ്മാനാർഹരായവർക്ക് ട്രോഫിയും കെ.എസ്.ഇ.ബി. റിട്ട. ചീഫ് എൻജിനീയർ ജോസഫ് ജോസഫ് വിതരണം ചെയ്തു.

# ...്.ടി.എ ജില്ലാ സമ്മേളനം: ...ുകുളം ഒരുങ്ങി

January-22 Mangalam

...991 ലാണ് കെ.എസ്.ടി. ...വത്കരിച്ചത്. പിന്നിട്ട 25 ...ാലവും പൊതുവിദ്യാ ...മേഖലയെ സംരക്ഷിച്ച് ...ർത്തുന്ന പോരാട്ടങ്ങളി ...ംഗങ്ങളുടെ എണ്ണത്തി ...ഘടന മുന്നിരയിൽ ത...ണ്.

...ക്കാർ സംരക്ഷണത്തിൽ ...്യാസ മേഖലയിൽ സ്വകാ ...ലാളിമാരും കോർപ്പറേറ്റു ...പിടിമുറുക്കുന്ന കാലഘട്ട... 'പൊതു വിദ്യാഭ്യാസം ...ഷിക്കൂ നാടിൻ നന്മകൾ ...ർത്തൂ' എന്ന മുദ്രാവാക്യ... സംഘടന ഉയർത്തുന്നത്. ...ളെ രാവിലെ 9 ന് മുണ്ട...ശേരി മാസ്റ്റർ നഗറിൽ (ലയൺസ് ക്ലബ് ഹാൾ) സമ്മേളന പതാക ഉയരും. സമ്മേളനം സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി കെ. ചന്ദ്രൻപിള്ള ഉദ്ഘാടനം ചെയ്യും. തുടർന്ന് വിദ്യാഭ്യാസ പ്രദർശനം നടക്കും.


12 ന് പ്രതിനിധി സമ്മേളനം ആരംഭിക്കും. വൈകിട്ട് 4 ന് സമ്മേളന നഗരിയിൽ നിന്നും ...ണിലേക്ക് അധ്യാപക പ്രകടനം. തുടർന്ന് സെൻട്രൽ കവലയിൽ നടക്കുന്ന വിദ്യാഭ്യാസ സാംസ്കാരിക സമ്മേളനം മുൻ എം.പി പി. രാജീവ് ഉദ്ഘാടനം ചെയ്യും. സാഹിത്യ നിരൂപകൻ എം.കെ. ഹരികുമാർ മുഖ്യ പ്രഭാഷണം നടക്കും. സ്വാഗതസംഘം ചെയർമാൻ ഷാജു ജേക്കബ് അധ്യക്ഷനാകും.

ഞായറാഴ്ച പ്രതിനിധി സമ്മേളനത്തിനു ശേഷം രാവിലെ 11.30 ന് സമ്മേളനത്തോടനുബന്ധിച്ചു നടത്തിയ വിവിധ പരിപാടികളിൽ വിജയിച്ച കുട്ടികൾക്ക് പുരസ്കാരങ്ങൾ നൽകും. തുടർന്നു നടക്കുന്ന ട്രേഡ് യൂണിയൻ സൗഹൃദ സംഗമം സി.ഐ.ടി.യു ജില്ലാ സെക്രട്ടറി കെ.എൻ. ഗോപിനാഥ് ഉദ്ഘാടനം ചെയ്യും.

എൻ.ജി.ഒ യൂണിയൻ ജില്ലാ സെക്രട്ടറി സി.എസ് സുരേഷ് കുമാർ, കെ.ജി.ഒ എ ജില്ലാ സെക്രട്ടറി റ്റി.എസ് രാജു, എ.കെ.ജി.സി.റ്റി ജില്ലാ പ്രസിഡന്റ് ഡോ. എസ് അനിൽകുമാർ, എ.കെ.പി.സി.റ്റി.എ ജില്ലാ സെക്രട്ടറി ഡോ. ശ്രീജിത് സി.എം. എന്നിവർ പങ്കെടുക്കും. 3 ന് തെരഞ്ഞെടുപ്പോടെ സമ്മേളനം സമാപിക്കും.

വാർത്താ സമ്മേളനത്തിൽ ജില്ലാ സെക്രട്ടറി റ്റി.വി പീറ്റർ, വൈസ് പ്രസിഡന്റ് എം. കെ രാജു, ജില്ലാ എക്സിക്യൂട്ടീവ്. കെ.വി.ബാലചന്ദ്രൻ, ഷാജിജോൺ, റാണി മാത്യു, പി.കെ വിജയൻ, ബിജു ജോസഫ്, റ്റി കെ സദനൻ, കെ.കെ.രവീന്ദ്രൻ, എ.വി മനോജ് എന്നിവർ പങ്കെടുത്തു.

# വൈദ്യുതിക്കായുള്ള കാത്തിരിപ്പ് പത്താംവർഷവും കടന്നു



കൂട്ടമ്പുഴ: ഉരുളൻതണ്ണിയിൽ നാലു കുടുംബക്കാർ വെളിച്ചത്തിനായി കാത്തിരിപ്പ് തുടങ്ങിയിട്ട് പത്തു വർഷം പിന്നിടുന്നു. നിസാര കാരണങ്ങൾ നിരത്തിയാണ് ഇവർക്കു വൈദ്യുതി നൽകാത്ത... ...ണ്ടത്തിക്കുടി ജമീൻ എന്നിവരാണ് വെളിച്ചത്തിനുള്ള കാത്തിരിപ്പ് തുടരുന്നത്. മണ്ണുവിളക്കിന്റെ ഇത്തിരിവെട്ടത്തിലാണ് ഇവർ കഴിയുന്നത്. കാട്ടാനകളുടെ ശല്യമുള്ള പ്രദേശമായതിനാൽ വെളിച്ച...